# കർഷകരുടെ സംശയങ്ങളും മറുപടികളും

1) തെങ്ങ് കൃഷിയിടത്തിന്റെ വിസ്തീർണ്ണം സെന്റിൽ തന്നെ എഴുതണം എന്ന് പറയുന്നത് എന്തുകൊണ്ട്?

   കാരണം, പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട സ്ഥിതി വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ സൗകര്യാർത്ഥം ഡീ ഫാൾട്ട് ഓപ്ഷൻ സെന്റി ലാണ് ഇട്ടിരിക്കുന്നത്. ഡാറ്റാ എൻട്രി നടത്തുമ്പോൾ തെറ്റുകൾ വരാൻ സാധ്യതയുള്ളതുകൊണ്ടാണ് സെന്റിൽ തന്നെ എഴുതാൻ പറ യുന്നത്. ആയതുകൊണ്ട് നികുതി രസീതിലുള്ള വിസ്തൃതിയായ 'ആർ' - നെ സെന്റിലോട്ട് മാറ്റിയെഴുതുക. അതിന് 'ആർ' - നെ 2.47 കൊണ്ട് ഗുണിക്കുക.

2) വസ്തുവിന്റെ ഉടമയായ ഭർത്താവ് വിദേശത്താണെങ്കിൽ ഭാര്യക്ക് അപേക്ഷിക്കാമോ? അപേക്ഷിക്കാമെങ്കിൽ ആരുടെ ബാങ്ക് അക്കൗണ്ട് സമർപ്പിക്കണം?

   അപേക്ഷിക്കാം. അപേക്ഷകയുടെ ബന്ധം തെളിയിക്കുന്ന രേഖകൾ (ഉദാ: റേഷൻ കാർഡ്) സമർപ്പിച്ച് അപേക്ഷിക്കാം. ജോയിന്റ് അക്കൗണ്ട് ആണെങ്കിൽ ആ അക്കൗണ്ട് ഉപയോഗിക്കാം. അല്ലെ ങ്കിൽ അപേക്ഷക യുടെ സ്വന്തം പേരിൽ അക്കൗണ്ട് എടുക്കേണ്ടതാ ണ്.

3) a) അപേക്ഷകൻ തന്ന വിവരങ്ങളിൽ തെറ്റുണ്ടെങ്കിൽ തിരുത്താനാ കുമോ?
   b) തിരിച്ചറിയൽ കാർഡും, ആധാർകാർഡും ഉള്ളവർ ഏതാണ് എഴു തേണ്ടത്?
   - കെ. അരവിന്ദൻ, സെക്രട്ടറി, കോരപ്പുഴ ഫെഡറേഷൻ

അടിസ്ഥാന വിവരങ്ങൾ ഫെഡറേഷൻ തലത്തിൽ ഓൺലൈൻ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തി നാളികേര വികസന ബോർഡിന് സമർപ്പിക്കുന്നതിന് മുൻപ് വരെ തിരുത്താനുള്ള അവസരം ഉണ്ട്.
തിരിച്ചറിയൽ കാർഡും, ആധാറും ഉള്ളവർ ഏതെങ്കിലും ഒന്ന് രേഖപ്പെ ടുത്തുകയും അതിന്റെ കോപ്പി സമർപ്പിക്കുകയും ചെയ്യേണ്ടതാണ്.

4) അപേക്ഷ പൂരിപ്പിച്ച് നൽകേണ്ട അവസാന തീയതി എന്നാണ്?
   - രാജരത്നം, കോരപ്പുഴ ഫെഡറേഷൻ

അപേക്ഷാഫോറം കിട്ടി ഏറ്റവും അടുത്ത ദിവസം തന്നെ പൂരിപ്പിച്ച് ബന്ധപ്പെട്ടവരെ ഏൽപ്പിക്കുക

5) പട്ടയ ഭൂമി അല്ലെങ്കിൽ എന്ത് ചെയ്യാൻ കഴിയും?

അതാത് സ്ഥലങ്ങളിലെ ഏരിയാ ഡെവലപ്പ്മെന്റ് കമ്മിറ്റിക്ക് അത് സംബന്ധിച്ച് തീരുമാനം എടുക്കാവുന്നതാണ്.

6) അടിസ്ഥാന വിവര ശേഖരണത്തിന് ശേഷം വേറെ അപേക്ഷ സമർപ്പിക്കേണ്ടതുണ്ടോ? തെങ്ങു മുറിച്ച വിവരം എവിടെയാണ് രേഖപ്പെടുത്തേണ്ടത്?

വേറെ അപേക്ഷിക്കേണ്ടതില്ല. തെങ്ങ് മുറിച്ചതിനു ശേഷം വിവരങ്ങൾ ഫെഡറേഷൻ തലത്തിൽ ഓൺലൈൻ സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തേണ്ടതാണ്.

7) സർവ്വേ നടത്തുമ്പോൾ തന്നെ കേടുവന്ന തെങ്ങുകൾ അടയാളപ്പെടുത്തേണ്ടതുണ്ടോ?

സർവ്വേ നടത്തുമ്പോൾ തന്നെ അടയാളപ്പെടുത്തുന്നതാണ് പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് അഭികാമ്യം. സർവ്വേ നടക്കുന്ന സമയത്ത് ഉടമയുടെ സാന്നിദ്ധ്യത്തിൽ പെയിന്റ് ഉപയോഗിച്ച് അടയാളപ്പെടുത്തുക. തെങ്ങുമുറിച്ചു മാറ്റുന്നതിന് ബോർഡിന്റെ അനുമതി കിട്ടിയ ശേഷം മുറിച്ചുമാറ്റുന്നതിന് തിരിച്ചറിയുവാൻ ഈ അടയാളം സഹായിക്കും.

8) സി. പി. എസ് അംഗത്വം ഇല്ലാത്ത കർഷകർക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുമോ?

തീർച്ചയായും, കാരണം എല്ലാ കർഷകരും ഗുണഭോക്താക്കൾ ആകണം എന്നാണ് പദ്ധതിയിൽ അനുശാസിക്കുന്നത്. എന്നാൽ സി.പി.എസ് അംഗത്വം ഉള്ളവർക്ക് മുൻഗണന ക്രമത്തിൽ ആനുകൂല്യം ലഭിക്കും. അല്ലാത്തവർക്ക് സി. പി. എസ് അംഗത്വം നേടാനും അവസരം ഉണ്ട്.

9) ഫെഡറേറ്റ് ചെയ്യാത്ത സി.പി.എസ് കളിൽ കൂടി പദ്ധതി നടപ്പാക്കിയാൽ എന്താണ് പ്രശ്നം? ഒറ്റതിരിഞ്ഞ് കിടക്കുന്ന സി. പി. എസ് കൾക്ക് ഫെഡറേറ്റ് ചെയ്യാൻ അവസരം കുറവല്ലേ?

ഫെഡറേഷൻ രൂപീകരിച്ചിട്ടുള്ള ജില്ലകളിൽ ഫെഡറേറ്റ് ചെയ്തിട്ടുള്ള സി. പി. എസ്കൾക്കാണ് മുൻഗണന. ഫെഡറേറ്റ് ചെയ്യാത്ത സി. പി. എസുകൾ അടുത്ത സ്ഥലങ്ങളിൽ സി. പി. എസുകൾ രൂപീകരിച്ച് പരമാവധി വേഗത്തിൽ ഫെഡറേറ്റ് ചെയ്യുകയാണ് വേണ്ടത്.

10) 10 തെങ്ങിൽ താഴെയുള്ള കർഷകൻ സി. പി. എസ് അംഗം അല്ലാത്ത സാഹചര്യത്തിൽ അയാളുടെ പുരയിടത്തിൽ കാറ്റുവീഴ്ച ബാധിച്ച തെങ്ങ് ഉണ്ടെങ്കിൽ എന്ത് ചെയ്യണം?

അത്തരം കർഷകരെ തീർച്ചയായും പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ പരിഗണിക്കുന്നതാണ്.

11) a) ഒരു സി. പി. എസിലെ അംഗങ്ങൾക്ക് 4000 കായ്ക്കുന്ന തെങ്ങുകളും ഫെഡറേഷന് 80,000 തെങ്ങുകളും എന്ന് നിർബന്ധമുണ്ടോ?

b) തെങ്ങുകളുടെ എണ്ണം തികയുന്നതിനാൽ പുതിയ അംഗങ്ങളെ ചേർക്കുമ്പോൾ 100 പേർ എന്ന പരിധിയിൽ അധികം ആകാമോ?

c) ഫെഡറേഷന്റെ കീഴിൽ ഒരു ലക്ഷത്തിൽ കൂടുതൽ തെങ്ങ് ഉണ്ടാകുന്നതിൽ പ്രശ്നം ഉണ്ടോ?

- കരിവെട്ടൂർ ഫെഡറേഷൻ പ്രതിനിധി.

ഇത് മിനിമം ആണ്, തെങ്ങുകളുടെ എണ്ണം അതിലും കൂടാവുന്നതാണ്. ഫെഡറേഷന് കീഴിൽ ഒരു ലക്ഷത്തിൽ കൂടുതൽ തെങ്ങ് ഉള്ളതാണ് അഭികാമ്യം. ഒരു കാരണവശാലും 40,000 -ൽ കുറയരുത് എന്നെ പറഞ്ഞിട്ടുള്ളൂ.

12) ഫെഡറേഷൻ ഈ പദ്ധതിക്ക് തുടക്കം കുറിക്കുമ്പോൾ കൃഷി ഭവനുമായി ആദ്യം ബന്ധപ്പെടേണ്ടതുണ്ടോ?

- സജീന്ദ്രൻ, കോഴിക്കോട്

കൃഷിഭവനുകളെ അറിയിക്കേണ്ടത് ആവശ്യമാണ്. കഴിയുമെങ്കിൽ ഫെഡറേഷൻ മുഖേന രേഖാമൂലം അറിയിക്കാം. നിയമങ്ങളും, നിർദ്ദേശങ്ങളും അതാത് സമയങ്ങളിൽ ബോർഡ് കൃഷിഭവനുകളെ അറിയിക്കു ന്നുണ്ട്.

13) നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്ത ശേഷം സി.പി. എസിൽ ചേർന്ന കർഷകരുടെ വിവരങ്ങൾ സപ്ലിമെന്റ് ലിസ്റ്റ് ആയി ബോർഡിലേക്ക് അയക്കണമോ? ഇവരെ ഈ പദ്ധതിയിൽ ചേർക്കാൻ പറ്റുമോ?

- പി. വി. കെ. നായർ

രജിസ്റ്റർ ചെയ്തശേഷം ചേർന്ന അംഗങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തി വയ്ക്കുക. ശേഷം അനുബന്ധം 3-ൽ ആ കർഷകരുടെ വിവരങ്ങൾ രേഖപ്പെടുത്തി പുതിയ കണക്ക് ബോർഡിനെ എഴുതി അറിയിക്കുക. ഇങ്ങനെ അറിയിച്ചാൽ അവരെക്കൂടി ഈ പദ്ധതിയിൽ ചേർക്കാൻ കഴിയും.

14) സി. പി. എസ് മെമ്പറുടെ തെങ്ങിൻതോട്ടത്തിൽ ഇടക്ക് റബ്ബർ തൈകൾ നട്ടിട്ടുണ്ട്. അതിലുള്ള തെങ്ങുകളെ ഈ പദ്ധതിയിൽ പെടുത്താമോ?

- ബാബുരാജൻ, പ്രസിഡന്റ്, തായന്നൂർ ഫെഡറേഷൻ.

റബ്ബർ കൃഷിയുള്ള പുരയിടങ്ങളെ പദ്ധതിയിൽ നിന്നും പൂർണ്ണമായും മാറ്റി നിർത്തേണ്ടതാണ്. കാറ്റുവീഴ്ച ബാധിച്ച തെങ്ങുകൾ റബ്ബർ കൃഷിയുള്ള പുരയിടത്തിൽ നിന്നാൽ അത് കുറഞ്ഞ ചിലവിൽ മുറിച്ചുമാറ്റാനുള്ള അവസരം പ്രയോജനപ്പെടുത്താൻ ഉടമയോട് ആവശ്യപ്പെടാവുന്നതാണ്.

15) നല്ല ജൈവവളം ലഭിക്കാനില്ലാത്ത സാഹചര്യത്തിൽ മണ്ണിര കംപോസ്റ്റ് യൂണിറ്റിനും, പശു വളർത്തലിനും മുൻഗണന കൊടുക്കാൻ സാധിക്കുകയില്ലേ?
- ജോജി, കാസർഗോഡ്.

തീർച്ചയായും, ഫെഡറേഷനുകൾക്കും മറ്റും കൂട്ടായ്മയോടെ ഇത്തരം അവസരങ്ങൾ പ്രയോജനപ്പെടുത്താൻ കഴിയും. മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിന് ബോർഡ് ധനസഹായവും നൽകുന്നുണ്ട്.

16) ഒരു കുടുംബത്തിൽ 4 അംഗങ്ങളുടെ പേരിൽ സ്ഥലത്തിന്റെ രേഖയുണ്ട്. ഒരാളുടെ പേരിലാണ് സി. പി. എസിൽ അംഗത്വം എടുത്തിട്ടുള്ളത്. അപേക്ഷ 4 അംഗങ്ങളുടെ പേരിലും സമർപ്പിക്കേണ്ടതുണ്ടോ?
- ജോസ് ഉദയഗിരി.

നാല് അംഗങ്ങളുടെ പേരിലും അംഗത്വം ഉണ്ടെങ്കിൽ നാലായിട്ട് അപേക്ഷിക്കുക. അല്ലെങ്കിൽ അംഗത്വം ഉള്ള മെമ്പർ അപേക്ഷിക്കുക. അപേക്ഷയോടൊപ്പം മറ്റ് അംഗങ്ങളുമായുള്ള ബന്ധം സൂചിപ്പിക്കുന്ന രേഖകൾ ഹാജരാക്കുക. ഈ പദ്ധതിയുടെ സാമ്പത്തികമായ ആനുകൂല്യം വാങ്ങുവാൻ മറ്റുള്ളവർ അപേക്ഷകനെ അനുവദിക്കുന്നതായുള്ള ഒരു സമ്മതപത്രം (കൺസെന്റ് ലെറ്റർ) കൂടെ വച്ചാൽ വളരെ നന്നായിരിക്കും.

17) a) അപേക്ഷകൻ വസ്തുവിന്റെ ഉടമതന്നെ ആയിരിക്കണമോ?
b) സി. പി. എസ്. മെമ്പർ മരണപ്പെടുകയും, കുടുംബത്തിലെ മറ്റാരുടെയും പേരിൽ ഭൂമിയില്ലാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ എങ്ങനെ അപേക്ഷിക്കാം?
- അബ്ദുൾ സത്താർ എം, സെക്രട്ടറി, കീഴുപറമ്പ്. സി. പി. എഫ്

അപേക്ഷകൻ നിർബന്ധമായും വസ്തുവിന്റെ ഉടമ തന്നെ ആയിരിക്കണം. പക്ഷേ, ഭൂമി വീതം വച്ച് പോവുകയോ, ഉടമ മരണപ്പെടുകയോ ചെയ്ത സാഹചര്യത്തിൽ കുടുംബാംഗങ്ങൾക്ക് ഉടമയുമായുള്ള ബന്ധം കാണിക്കുന്ന രേഖകളോടെ അപേക്ഷിക്കാവുന്നതാണ്.

18) ജനിതക ഗുണമുള്ള തെങ്ങുകൾ എന്ന് പറയുന്നത് എന്താണ്?

തെരഞ്ഞെടുത്ത നല്ലയിനം മാതൃവൃക്ഷത്തിൽ നിന്നും ശേഖരിച്ച നല്ലയിനം വിത്തുതേങ്ങകൾ പാകി പിടിപ്പിച്ച് എടുക്കുന്ന അത്യുത്പാദന ശേഷിയുള്ള തെങ്ങിൻതൈകൾ.

19) തെങ്ങിൻതൈ ഉത്പാദനത്തിന് ധനസഹായം ലഭിക്കുമോ?

ബോർഡിന്റെ പ്രത്യേകം പദ്ധതികളിലൂടെ സഹായം ലഭിക്കും. 25,000 തൈകൾ ഉത്പാദിപ്പിക്കുന്ന നഴ്സറികൾക്ക് രണ്ട് ലക്ഷം

രൂപ വരെയും 6250 എങ്കിലും ഉത്പാദിപ്പിക്കുന്നവർക്ക് 50,000 രൂപ വരെയും ധന സഹായം ലഭിക്കും.

20) വെട്ടിമാറ്റുന്ന തെങ്ങുകൾക്ക് ആനുപാതികമായി തൈകൾ നടണ മെന്ന് നിർബന്ധമുണ്ടോ?

നിർബന്ധമില്ല. ആവശ്യമായ സ്ഥലം ഉണ്ടെങ്കിൽ മാത്രം പുനർന ടീൽ മതിയാകും.

21) നല്ലയിനം വിത്തുതേങ്ങ എവിടെനിന്ന് ലഭിക്കും. ഇതിനുവേണ്ടി ബോർഡിന് സഹായം ചെയ്യാൻ കഴിയുമോ?
- അബൂബക്കർ, പുറത്തൂർ ഫെഡറേഷൻ

നിങ്ങൾക്ക് ആവശ്യമായ വിത്ത് തേങ്ങയുടെ വിവരങ്ങൾ അതാത് ചാർജ് ഓഫീസർമാരെ അറിയിക്കുക. അവരുടെ സഹായത്തോടെ നിങ്ങൾക്ക് നേരിട്ട് മാതൃകാ തോട്ടങ്ങൾ സന്ദർശിക്കുവാനും വിത്ത് തേങ്ങ സംഭരിക്കാനും കഴിയും. നഴ്സറി ഉണ്ടാക്കുന്നതിന് ബോർഡ് ധന സഹായവും നൽകും.

22) തെങ്ങിൻ തൈയുടെ ഗുണമേന്മ എങ്ങനെ കണ്ടുപിടിക്കാം?
- ഷാജഹാൻ, മലപ്പുറം.

ജനിതക ഗുണമുള്ള വിത്തുതേങ്ങകൾ നഴ്സറിക്ക് ഉപയോഗിക്കുക.

ഗുണമേന്മയുള്ള തൈകളുടെ ലക്ഷണങ്ങൾ താഴെ പറയുന്നു :

- 4-5 മാസത്തിനുള്ളിൽ മുള വരിക.
- ഒരു വർഷത്തിനുള്ളിൽ 6 ഓലയെങ്കിലും വിരിഞ്ഞിരിക്കുക.
- ഓലക്കാലുകൾ നേരത്തെ വിരിയുക.
- കണ്ണാടിക്കനം മിനിമം 10 സെ.മീ എങ്കിലും ഉണ്ടായിരിക്കുക.

23) വിത്ത് പാകുമ്പോൾ ചെരിച്ച് വയ്ക്കുന്നതിന്റെ ഗുണം എന്ത്?

ചെരിഞ്ഞ് ഇരിക്കുമ്പോൾ തേങ്ങയിലെ വെള്ളം കൃത്യമായും കണ്ണിനക ത്തുള്ള മുളയിൽ തൊട്ടിരിക്കുന്നതിനാൽ വേഗത്തിൽ മുളക്കാനും, വള രാനും സഹായിക്കുന്നു.

24) പാകിയ തേങ്ങ മുളയ്ക്കുന്നതിലും നന്നായി കണ്ണിൽപ്പെടാതെ കിടന്ന തേങ്ങ മുളച്ചതായി കണ്ടു? ഇത്തരം തൈകൾ ഉപയോഗിക്കാമോ?
-ഗംഗൻ നായർ, കോക്കല്ലൂർ സി.പി.എസ്

ഉപയോഗിക്കുന്നതു നല്ലതല്ല. ഗുണമേന്മയുള്ള മാതൃവൃക്ഷത്തിൽ നിന്നുള്ള വിത്തുപയോഗിച്ച് ഉത്പാദിപ്പിച്ച തൈകൾ മാത്രം നടാൻ ഉപയോഗിക്കുക.

25) തെങ്ങ് വെട്ടിമാറ്റിയ കുറ്റിയുടെ അടുത്ത് തൈ വയ്ക്കുന്നതിൽ കുഴപ്പം ഉണ്ടോ? അത് കാറ്റുവീഴ്ച രോഗം പകരാൻ കാരണമാകുമോ?

ഒരു കുഴപ്പവുമില്ല. അതുമൂലം കാറ്റുവീഴ്ച രോഗം പകരുകയുമില്ല. എന്നാൽ വെട്ടിമാറ്റിയ തെങ്ങിന്റെ കുറ്റികൾ നീക്കം ചെയ്യാൻ സാധിച്ചാൽ ആ സ്ഥലം കൂടി പ്രയോജനപ്പെടുത്താവുന്നതാണ്.

26) പുനർനടീലിന് കൃഷിവകുപ്പിന്റെ തൈകൾ സൗജന്യ നിരക്കിൽ ലഭിക്കുമോ? 20/- രൂപ സബ്സിഡി വളരെ കുറവല്ലേ.?

സൗജന്യമായി ലഭിക്കുന്ന തൈകളുടെ ലഭ്യത കുറവാണ്. ഈ പദ്ധതി നടപ്പിലാക്കുമ്പോൾ ലക്ഷകണക്കിന് തൈകളാണ് ആവശ്യമായി വരുന്നത്. മാത്രവുമല്ല സൗജന്യ തൈകൾ സ്വീകരിക്കുന്നതിലുപരി, പുനർനടീൽ നടത്തുമ്പോൾ അത്യുത്പാദന ശേഷിയുള്ള തൈകൾ നടാൻ ശ്രമിക്കുക. മികച്ച ഇനം തൈകൾ ഉത്പാദിപ്പിക്കുവാൻ സി. പി. എഫ് / സി. പി. എസ്സുകൾ തന്നെ മുന്നിട്ടിറങ്ങേണ്ടതാണ്.

തൈകൾക്ക് ചിലവ് വരുന്ന തുകയുടെ 50% സബ്സിഡി എന്ന കണക്കിൽ ആണ് 20 രൂപ നൽകുന്നത്.

27) തെങ്ങ് വെട്ടിമാറ്റുന്നതിന് എത്ര രൂപ ചിലവ് വരും? കർഷകർ ആദ്യം തന്നെ ഇതിന്റെ ചിലവ് സ്വയം വഹിക്കേണ്ടതുണ്ടോ?

തെങ്ങ് വെട്ടിമാറ്റുന്നത് കൂട്ടായി ചെയ്താൽ ചിലവ് വളരെ കുറയ്ക്കാം. അതായത് ഒരു സി. പി. എസ് / ഫെഡറേഷനിൽ വരുന്ന തെങ്ങുകൾ വെട്ടിമാറ്റാൻ മൊത്തമായി അടങ്കൽ ഏൽപിച്ചാൽ വളരെ കുറഞ്ഞ ചിലവിൽ വെട്ടിമാറ്റാൻ കഴിയും.

ഇതിന്റെ ചിലവ് കർഷകർ തന്നെ ആദ്യം എടുക്കണം. ക്ലെയിം ബോർഡിൽ സമർപ്പിക്കുന്ന മുറയ്ക്ക് താമസം കൂടാതെ സബ്സിഡി അക്കൗണ്ടിൽ എത്തുന്നതാണ്.

28) രോഗം ബാധിച്ച തെങ്ങുകൾ മുറിക്കും മുൻപ് ആരുടെയൊക്കെ അംഗീകാരം വേണം?
- സണ്ണി, പൂല്ലൂരാംപാറ, കേരമിത്ര ഫെഡറേഷൻ

സർവ്വേ നടത്തി തയ്യാറാക്കിയ പ്രൊജക്ടിന് ബോർഡിന്റെ അംഗീകാരം ലഭിച്ചാൽ ഉടൻ മാർക്ക് ചെയ്ത തെങ്ങുകൾ കർഷകന് മുറിക്കാവുന്നതാണ്.

29) ഒരേക്കർ സ്ഥലത്ത് എത്ര കേടായ തെങ്ങുകൾ വെട്ടിമാറ്റാം? ധനസഹായം തെങ്ങുവെട്ടി എത്ര നാൾ കഴിഞ്ഞ് ലഭിക്കും?

ഒരേക്കർ സ്ഥലത്ത് നിന്ന് 13 തെങ്ങുകൾ വരെ മുറിച്ച് മാറ്റാവുന്നതാണ്. അതിൽ കൂടുതൽ ഉണ്ടെങ്കിൽ കർഷകർ തന്നെ വെട്ടിമാറ്റേണ്ടതാണ്. ഇവിടെ ശ്രദ്ധിക്കേണ്ട കാര്യം, വെട്ടിമാറ്റൽ കൂട്ടായി നടത്തുമ്പോൾ

ചിലവ് കുറച്ച് വെട്ടിമാറ്റാൻ കഴിയും. സമയബന്ധിതമായ പദ്ധതി ആയതിനാൽ അംഗീകാരം ലഭിച്ച പ്രൊജക്ട് നടപ്പിലാക്കി, ക്ലെയിം സമർപ്പിക്കുന്ന മുറയ്ക്ക് തന്നെ ധനസഹായം കർഷകന്റെ അക്കൗണ്ട് വഴി നൽകുന്നതാണ്.

30) കർഷകർ തന്നെ തെങ്ങുമുറിച്ചു മാറ്റാൻ തയ്യാറായാൽ സമ്മതിക്കുന്നതിൽ തെറ്റുണ്ടോ?

തടസ്സമില്ല. സമയബന്ധിതമായി നടപ്പിലാക്കുന്ന പദ്ധതി എന്ന നിലയിൽ നിശ്ചിത സമയത്തിനുള്ളിൽ വെട്ടിമാറ്റണം എന്നേ ഉള്ളൂ. കർഷകർ തനിച്ച് വെട്ടിമാറ്റിക്കുന്നതിലും വളരെ ചിലവ് കുറച്ച് കൂട്ടായി നടപ്പിലാക്കുമ്പോൾ സാധിക്കും. ഈ സൗകര്യം കർഷകരെ പറഞ്ഞ് മനസ്സിലാക്കാൻ ശ്രമി ക്കുക.

31) വെട്ടിമാറ്റേണ്ട തെങ്ങുകളുടെ നമ്പറിടുമ്പോൾ ഓരോ കർഷകന്റെ തെങ്ങുകൾക്കും പ്രത്യേകം സീരിയൽ നമ്പറാണോ അതോ സി. പി. എസ് മൊത്തം ഒരു സീരിയൽ നമ്പർ ആണോ?

- വാസു. പി. പി, മരുതോങ്കര ഫെഡറേഷൻ

നമ്പർ തന്നെ ഇടണം എന്ന് നിർബന്ധമില്ല, അടയാളപ്പെടുത്തണം എന്നേ ഉദ്ദേശിക്കുന്നുള്ളൂ. നമ്പർ ആണെങ്കിൽ എണ്ണം കണക്കാക്കാൻ എളുപ്പമായിരിക്കും. രണ്ടായാലും പരിശോധനയ്ക്ക് വരുന്നവർക്ക് മനസ്സിലാകണം എന്നതാണ് ഉദ്ദേശ്യം. മാർക്ക് ചെയ്യുവാൻ ചുമപ്പോ മഞ്ഞയോ കളറിൽ ✕ ചിഹ്നം ഉപയോഗിക്കാം.

32) കുറിയ ഇനം തൈകൾ ഫെഡറേഷൻ / സി.പി.എസ് തലത്തിൽ ഉൽപാദിപ്പിച്ച് പദ്ധതിയുമായി ഏകോപിപ്പിക്കുവാൻ സാധിക്കുമോ?

തീർച്ചയായും. കുറിയ ഇനം തൈകൾ സി. പി. എസ്/സി.പി.എഫ് / സി.പി.സി. തലത്തിൽ നഴ്സറികൾ സ്ഥാപിച്ച് ഉത്പാദിപ്പിക്കാവുന്നതാണ്. നഴ്സറി സ്ഥാപിക്കാൻ ബോർഡ് സഹായവും നൽകുന്നുണ്ട്.

33) എന്റെ സ്ഥലത്ത് നിന്ന് 5 തെങ്ങ് വെട്ടിമാറ്റിയിട്ട് ഒരു മാസത്തോളമായി. ഇത് ഈ സ്കീമിൽ പെടുത്താമോ?

- സി. വേണുദാസ്.

ഈ പദ്ധതിയിൽ പെടുത്താൻ സാധിക്കില്ല.

34) പുനരുജ്ജീവനത്തിനുള്ള കാർഷികോപാധി ഏതൊക്കെയാണ്? നേർവളത്തിന്റെ തോത് വിവരിക്കാമോ?

ശാസ്ത്രീയമായ കൃഷിരീതികൾ അവലംബിക്കുന്നതിന് ശുപാർശ ചെയ്തിട്ടുള്ള എല്ലാത്തരം വളങ്ങളും പുനരുദ്ധാരണത്തിന് നൽകുന്നുണ്ട്. നേർവളത്തിന്റെ തോത് കുമ്മായം - 1 കി.ഗ്രാം. യൂറിയ - 750 ഗ്രാം, മസൂറിഫോസ് - 950 ഗ്രാം, മ്യൂറിറ്റ് ഓഫ് പൊട്ടാഷ് - 1.1 കി.ഗ്രാം, മഗ്നീഷ്യം സൾഫേറ്റ് - 500 ഗ്രാം. ഇതുകൂടാതെ തെങ്ങ് ഒന്നിന് 100 ഗ്രാം പയർവിത്ത് കൂടി നൽകുന്നുണ്ട്. പുനരുജ്ജീവനത്തിനുള്ള സഹായം

ഒരു ഹെക്ടറിന് പരമാവധി 160 തെങ്ങുകൾ വരെ എന്ന് നിജപ്പെടുത്തി യിട്ടുണ്ട്.

35) പയർ വിത്ത് പദ്ധതിയിൽ നല്കുന്നത് എന്തിനാണ്?

മണ്ണിന്റെ ജൈവാംശം വർദ്ധിപ്പിക്കാൻ വേണ്ടിയാണ് പയർ വിത്ത് നല്കുന്നത്. രാസവള പ്രയോഗത്തിന് ശേഷം പയർ വിത്ത് തടത്തിൽ വിതയ്ക്കുക. മുളച്ച പയർച്ചെടി വളർന്ന് പുഷ്പിക്കുന്നതിന് മുൻപായി (40 മുതൽ 45 ദിവസത്തിനുശേഷം) പിഴുതെടുത്ത് തടത്തിൽ നിക്ഷേപി ക്കേണ്ടതാണ്.

36) രാസവളങ്ങൾ എത്ര ഗഡുവായാണ് നല്കുന്നത്?

ഒറ്റ ഗഡുവായാണ് നൽകുന്നത്.

37) ഞങ്ങളുടെ പഞ്ചായത്തിൽ ഇപ്പോൾ വാർഡ് തലത്തിൽ ക്ലസ്റ്റർ രൂപീക രിച്ച് തെങ്ങിന്റെ സമഗ്ര പരിപാലനത്തിനായി ധനസഹായം അനുവദി ക്കുന്നുണ്ട്. അപ്പോൾ തെങ്ങുപുനരുദ്ധാരണ പരിപാടിയിൽ നിന്നും സഹായം ലഭിക്കുമോ?
- മുഹമ്മദ് കെ. വെട്ടത്തിൽ, വാഴക്കാട്ട് പഞ്ചായത്ത് സി. പി. എസ്

പഞ്ചായത്ത് തലത്തിൽ പദ്ധതി നടന്നുകൊണ്ടിരിക്കുന്നു എങ്കിൽ, സി. പി. എസ് അംഗമായ കർഷകന് പദ്ധതിക്ക് യോഗ്യമായ തെങ്ങുകൾ മുറിച്ചുമാറ്റാൻ ഈ പദ്ധതിയിൽ നിന്നും സഹായം ലഭിക്കും.

38) എന്റെ പുരയിടത്തിൽ മുറിച്ച് മാറ്റാൻ തെങ്ങുകൾ ഇല്ല. അപ്പോൾ പുന രു ദ്ധാരണത്തിന് വളം ലഭിക്കുമോ?

തീർച്ചയായും. അർഹരായ കർഷകർ അപേക്ഷകൾ നൽകുക.

39) ബാങ്ക് അക്കൗണ്ട് ഇല്ലാത്ത കർഷകർ എന്തു ചെയ്യണം? കോ-ഓപ്പറേറ്റീവ് സൊസൈറ്റി അക്കൗണ്ട് പദ്ധതിയിൽ രേഖപ്പെടുത്താമോ?

അക്കൗണ്ട് ഇല്ലാത്തവർ ഏതെങ്കിലും ദേശസാൽകൃത / ഗ്രാമീണ / ഷെഡ്യൂൾഡ് ബാങ്കിൽ അക്കൗണ്ട് തുടങ്ങുക. കോപ്പറേറ്റീവ് സൊസൈറ്റി അക്കൗണ്ട് പാടില്ല.

40) റെയ്ക്കോ, കെയ്ക്കോ, റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി എന്നിവിടങ്ങ ളിൽ നിന്നും ഉപകരണങ്ങളും വളങ്ങളും ലൈസൻസ് എടുത്ത് വിതരണം ചെയ്യാൻ സാധിക്കില്ലെ? അതുപോലെ ജൈവവളങ്ങൾ നിലവാരമുള്ള സ്ഥലങ്ങളിൽ നിന്നും ഒന്നായി ക്വട്ടേഷൻ എടുത്ത് വിതരണം ചെയ്യാൻ സാധിക്കുമോ?
-ബഷീർ അഹമ്മദ് ഹാജി, മങ്കട ഫെഡറേഷൻ, മലപ്പുറം.

തീർച്ചയായും. ലൈസൻസ് എടുത്ത് കമ്പനി തലത്തിൽ കൂട്ടായി ഇതുപോലുള്ള പ്രവർത്തനങ്ങൾ നടത്താവുന്നതാണ്.

41) മണ്ണിര കമ്പോസ്റ്റിനും, പശുവളർത്തലിനും മറ്റും ബോർഡ് സഹായം നൽകുന്നുണ്ടോ?

മണ്ണിര കമ്പോസ്റ്റ് യൂണിറ്റിന് ബോർഡ് ധനസഹായം നൽകുന്നുണ്ട്. ചിലവ് വരുന്ന തുകയുടെ 50% എന്ന കണക്കിൽ 20,000 രൂപ വരെ സബ്സിഡി നൽകുന്നുണ്ട്.
വലിയ യൂണിറ്റുകൾ സ്ഥാപിക്കാൻ നാഷണൽ ഹോർട്ടികൾച്ചർ മിഷന്റെ പദ്ധതി കൃഷി വകുപ്പ് വഴി നൽകുന്നുമുണ്ട്.

42) ഈ പദ്ധതി പ്രകാരം സഹായം ലഭിക്കാനുള്ള പരമാവധി സ്ഥല വിസ്തൃതി എത്രയാണ്.

ഒരു കർഷകന് 4 ഹെക്ടർ (10 ഏക്കർ) വരെ.

43) ഹോർട്ടികൾച്ചർ അസിസ്റ്റന്റ്മാരെ നിയമിക്കുന്നതിന്റെ ആവശ്യകത എന്താണ്? അവരുടെ യോഗ്യതാ മാനദണ്ഡങ്ങൾ എന്താണ്?
- ബഷീർ അഹമ്മദ് ഹാജി, മങ്കട ഫെഡറേഷൻ

ഹോർട്ടികൾച്ചർ അസിസ്റ്റന്റ്മാരെ സ്ഥിര ഓഫീസ് സംവിധാനമുള്ള ഓരോ ഫെഡറേഷനുകളിൽ നിയമിക്കും, സർവ്വേ ഏകോപിപ്പിക്കുക, ഡാറ്റാ എൻട്രി തുടങ്ങിയവയിലെല്ലാം സഹായിക്കുക, അപേക്ഷകൾ ക്രോഡീകരിച്ച് പ്രോജക്ട് ആക്കുക, സി. പി. എസുകൾ സന്ദർശിക്കുകയും ആവശ്യാനുസരണം മീറ്റിങ്ങുകൾ വിളിച്ച് ചേർക്കുകയും ചെയ്യുക, കർഷകരുമായി സ്ഥിരമായി സമ്പർക്കം ഉണ്ടാക്കുക ഇവയെല്ലാം അവരുടെ ഉത്തരവാദിത്വങ്ങളിൽ വരും. അവരുടെ യോഗ്യത, വി. എച്ച്. എസ്. സി (കൃഷി)/ബോട്ടണി / സുവോളജി ഇവയിൽ ബിരുദം. കമ്പ്യൂട്ടർ പരിജ്ഞാനം അത്യന്താപേക്ഷി തമാണ്.

44) വെട്ടിമാറ്റിയതിനു ശേഷം പരിശോധനക്കായി ആരെയൊക്കെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്?

ഹോർട്ടികൾച്ചർ അസിസ്റ്റന്റ് / സി. പി. എസ് / ഫെഡറേഷൻ ഭാരവാഹികൾക്ക് പരിശോധിക്കാം. അതുപോലെ അഗ്രികൾച്ചർ ഓഫീസർ, സി. ഡി. ബി പ്രതിനിധികൾ എന്നിവർ പരിശോധന നടത്തുന്നതാണ്.

45) എ.ഡി.സി രൂപീകരിച്ച് മീറ്റിംഗ് നടത്തുവാൻ കൃഷി ഓഫീസർ സന്നദ്ധമാകുമോ? പദ്ധതിയുടെ പൂർത്തീകരണത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക് എന്താണ്?

പഞ്ചായത്ത് തലത്തിൽ രൂപീകരിക്കുന്ന ഏരിയാ ഡെവലപ്പ്മെന്റ് കമ്മറ്റി (എ.ഡി.സി) യാണ് പഞ്ചായത്തിലെ പ്രോജക്ട് ക്രോഡീകരിച്ച് ബോർഡിലേക്കു ശുപാർശ ചെയ്യുന്നത്. എ.ഡി.സി യിൽ പഞ്ചായത്ത് പ്രസിഡന്റ്, കൃഷി ഓഫീസർ, സി.പി.എസ് പ്രതിനിധികൾ എന്നിവർ അംഗങ്ങളാണ്. ഇതിൽ കൺവീനർ കൂടിയായ കൃഷിഓഫീസറുടെ

പങ്ക് വ്യക്തമാണല്ലോ. ഈ പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും, കൃഷി വകുപ്പും, നാളികേര വികസന ബോർഡും സംയുക്തമായാണ് നടപ്പിലാക്കുന്നത്.

46) തെങ്ങിന്റെ ഇടവിള കൃഷിയായി വാഴ കൃഷി ചെയ്യാൻ സാധിക്കുമോ? ഇതിന് പ്രത്യേക ആനുകൂല്യം വല്ലതും ബോർഡ് നൽകുന്നുണ്ടോ?
- ബീരാൻകുട്ടി, തൃപ്തി ഫെഡറേഷൻ

തീർച്ചയായും കൃഷി ചെയ്യാം. ആനുകൂല്യം നിലവിൽ ഇല്ല. മറ്റുള്ള സർക്കാർ ഏജൻസികളുടെ സഹായം ഫെഡറേഷൻ വഴി ഏകോപിപ്പിക്കുവാൻ ശ്രമിക്കുക.

47) ഹൈടെക് കൃഷിരീതിയ്ക്ക് പ്രാമുഖ്യം വരുന്ന സാഹചര്യത്തിൽ മണ്ണ് പരിശോധനക്ക് ശേഷം വളം നിർണ്ണയിക്കുന്നത് അല്ലേ അഭികാമ്യം?

- തീർച്ചയായും. കൂട്ടായ്മയിലൂടെ മണ്ണ് പരിശോധന നടത്തി ആവശ്യമുള്ള മൂലകങ്ങളുടെ തോത് നിശ്ചയിച്ച് വേണം വളപ്രയോഗം നടത്തുവാൻ.

48) തെങ്ങുവെട്ടി മാറ്റിയതിന്റെ തടിക്ക് ഉപയോഗം ഉണ്ടോ? മണ്ടഭാഗം കത്തിച്ചു കളയേണ്ടത് ആവശ്യമാണോ?

ധാരാളം പ്രയോജനങ്ങൾ ഉണ്ട്. കെട്ടിട നിർമ്മാണങ്ങൾക്കും, ഫർണീച്ചറിനും മറ്റുമായി മൂത്ത തെങ്ങിൻതടി ഉപയോഗിക്കാവുന്നതാണ്. ഇത് പ്രൊഡ്യൂസേഴ്സ് കമ്പനികൾ ഒരു അവസരമായി കണ്ട് തടികളുടെ ഉപയോഗം പ്രയോജനപ്പെടുത്തുക.

വെട്ടിമാറ്റിയ തെങ്ങുകളുടെ മണ്ടഭാഗം നിർബന്ധമായും കത്തിച്ച് കളയുക. കാരണം ഇപ്രകാരം ചെയ്യാതിരുന്നാൽ മണ്ടയുടെ ജൈവാവശിഷ്ടങ്ങളിൽ കീടങ്ങളായ ചെമ്പൻചെല്ലി, കൊമ്പൻചെല്ലി മുതലായവ മുട്ടയിട്ട് പെരുകാൻ വലിയ സാധ്യതയുണ്ട്.

തയ്യാറാക്കിയത്,

ഷാൻ. ഇ. എച്ച്
പ്രൊജക്ട് മാനേജർ

വിവരങ്ങൾക്ക് കടപ്പാട്,

ഡോ. രമണി ഗോപാലകൃഷ്ണൻ
ഡെപ്യൂട്ടി ഡയറക്ടർ
നാളികേര വികസന ബോർഡ്

ശ്രീ. ജയനാഥ്. ആർ
ടെക്നിക്കൽ ഓഫീസർ
നാളികേര വികസന ബോർഡ്.